# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 94 11-07-2016 ൽ മറുപടിക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി , ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; | (ബി) | ഹയർ സെക്കണ്ടറി , ബിരുദ വിദ്യാർത്ഥികൾക്ക് റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് , വിവര സാങ്കേതിക വിദ്യ , ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 973 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) | ഈ പദ്ധതി വഴി എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി; വിശദമാക്കുമോ? | (സി) | 2012-13 , 2013-14, 2014-15 വർഷങ്ങളിൽ അസാപ്പിന്റെ വിവിധ തൊഴിൽ പരിശീലന കോഴ്സുകളിൽ 51310 വിദ്യാർഥികൾ പഠിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ 29477 വിദ്യാർഥികൾ കോഴ്സുകളിൽ ചേർന്ന് പഠനം പൂർത്തിയാക്കി വരുന്നു. പരിശീലനം ലഭിക്കുന്ന വിദ്യാർഥികളുടെ മെച്ചപ്പെട്ട ആശയ വിനിമയ പാടവം , കമ്പ്യൂട്ടർ പരിജ്ഞാനം തെരഞ്ഞെടുത്ത തൊഴിൽ |

| | | | |
|---|---|---|---|
| | | | മേഖലയിൽ വൈദഗ്ദ്ധ്യം എന്നിവ ആർജ്ജിച്ചിട്ടുണ്ട്. 21 തൊഴിൽ മേഖലകളിലായി 96 തരം സ്കിൽ കോഴ്സുകളാണ് അസാപ് നൽകി വരുന്നത്. അതത് തൊഴിൽ മേഖലയിൽ രൂപം കൊടുത്തുള്ള ബിസിനസ് ഉപദേശക സമിതികളാണ് സ്കിൽ കോഴ്സുകൾ ശുപാർശ ചെയ്യുന്നത്.<br>സംസ്ഥാനത്തെ 92 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും 18 സർക്കാർ കോളേജുകളിലും സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ( SDC) സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 500 ൽ പരം സ്മാർട്ട് ക്ലാസ്സ്മുറികൾ, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ ലാബുകൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകൾ കെഎസ്വാൻ (KSWAN) മുഖാന്തിരം അസാപ്പിന്റെ സെർവറിലേക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ 15 കേന്ദ്രങ്ങളിൽ ആധുനിക പരിശീലന സംവിധാനങ്ങളുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ ( CSP) നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കി വരുന്നു.<br>പരിശീലന മൊഡ്യൂളിന്റെ ഭാഗമായ ഇംഗ്ലീഷിലുള്ള ആശയ വിനിമയ പരിശീല നത്തിനായി സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ എന്ന പേരിൽ 2005 പരിശീലകരെ സജ്ജമാക്കിയിട്ടുണ്ട്. സ്വകാര്യ ട്രെയിനിംഗ് സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ , എൻജിനീയറിംഗ്, പോളി ടെക്നിക് കോളേജുകൾ എന്നിവയാണ് സ്കിൽ കോഴ്സുകൾ നടത്തുന്നത്.<br>സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യവും ആശയ വിനിമയ പാടവവും പരിശീലന നൈപുണ്യവും നൽകുന്നതിനും അസാപ്പിന്റെ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്കളായി പരിഗണിക്കുന്നതിനുമായി ട്രെയിനർ പാർട്ട്ണർ സ്കീം നിലവിലുണ്ട്. |
| (ഡി) | നേട്ടങ്ങൾ കൈവരിക്കാൻ ആരുടെയെല്ലാം സഹകരണമാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കുമോ ? | | കേന്ദ്ര സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ , മറ്റ് സർക്കാർ വകുപ്പുകൾ , വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യ പരിശീലന സ്ഥാപനങ്ങൾ , വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. നാഷണൽ സ്കിൽ ക്വാളിറ്റി ഫ്രെയിംവർക്ക് പ്രകാരമുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും പരിശീലിപ്പിക്കുന്ന തിനുമായി കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപറേഷൻ ( NSDC), സെക്ടർ സ്കിൽ കൗൺസിലുകൾ ( SSC) |

| | | | |
|---|---|---|---|
| | | | എന്നീ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്.<br>സംസ്ഥാനത്തെ ആയിരത്തോളം ഹയർ സെക്കണ്ടറി സ്കൂളുകൾ 107 കോളേജുകൾ, 50 ഓളം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളാണ്. കമ്പ്യൂട്ടർ പരിശീലകർക്ക് തുടർ പരിശീലനം നൽകി IT@ School സഹകരിക്കുന്നുണ്ട്.<br>കേരളത്തിലെ വ്യവസായ അസോസിയേഷനുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തും പുറത്തുമുള്ള സ്വകാര്യ നൈപുണ്യ പരിശീലന ഏജൻസികൾ തുടങ്ങിയവ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ